**നീ**ണ്ട ബ്ലോക്കാണ്, അടുത്തെങ്ങും തീരുന്ന മട്ടില്ല. മിക്കവരും അസ്വസ്ഥരാണ്. പിറുപിറുപ്പും, മുറുമുറുപ്പും ഹോണടിയും. പലരെയും പഴിക്കുന്നു. എന്തു കാര്യം? ഒന്നുമില്ല. അനുഭവിക്കുക തന്നെ.

ജയിലിൽ നിരപരാധികളായി കഴിയുന്നവരേറെ, മോചനം കാത്ത് കഴിയുകയാണവർ. നീണ്ട ക്യൂ, ടിക്കറ്റുകൾ കിട്ടാൻ, ഭക്ഷണം കിട്ടാൻ, അങ്ങിനെ പലതിനും, കാത്തിരിക്കുക തന്നെ. വേറൊരു വഴിയുമില്ല. തടസ്സങ്ങൾ ചിലത് തട്ടിമാറ്റാം. ചിലത് അനുഭവിക്കുക തന്നെ.

എല്ലാറ്റിൽ നിന്നും മോചനം വേണം. ഏവരും ആശിക്കുന്നു. ജീവിതമാകുന്ന മഹായാത്രയുടെ അവസാനം എന്താണ്? മരണം! മരണശേഷം എന്താണ്? എല്ലാം അതോടെ ഒടുങ്ങുകയാണോ?

എല്ലാത്തിനും ലക്ഷ്യം വേണം. എങ്കിൽ ജീവിതത്തിനും വേണം ലക്ഷ്യം. മരണമറക്കപ്പുറത്ത് ഇതാ മതം പറഞ്ഞ് തരുന്ന മഹാലക്ഷ്യം.

**മോചനത്തിന്റെ, മോക്ഷത്തിന്റെ മാർഗം**

കർമ്മഫലം പൂർണമായി കിട്ടുന്ന പരലോകം, സ്വർഗം. അതത്രെ ക്വുർആനിന്റെ പ്രഖ്യാപനം.

ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെനാളിൽ മാത്രമേ നിങ്ങൾക്ക് പൂർണ്ണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹിക ജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല. (ക്വുർആൻ: 3/185)

ജനനം മുതൽ മരണം വരെ എത്രയെത്രയോ കർമ്മങ്ങൾ. നല്ലതും ചീത്തയും എല്ലാം പരലോകവുമായി കെട്ടുപിണഞ്ഞ് കിടക്കുന്നു.

സഹായ സേവനങ്ങൾ, കടമകൾ, കടപ്പാടുകൾ ആരാധനകൾ അനുഷ്ഠാനങ്ങൾ, ത്യാഗപരിശ്രമങ്ങൾ എല്ലാറ്റിനും പ്രതിഫലം വേണം. ആരാണ് പ്രതിഫലം തരാൻ?



**പ്രപഞ്ചത്തിന്റെ സൃഷ്ടാവ്.**

ഹിന്ദുവിനെയും ക്രൈസ്തവനെയും മുസ്ലിമിനെയും പടച്ച, വിശ്വാസിയെയും നിഷേധിയെയും സൃഷ്ടിച്ച, ഏകദൈവാരാധകനെയും ബഹുദൈവവിശ്വാസിയെയും പരിപാലിക്കുന്ന പഠച്ചവൻ എല്ലാം കാണുകയും കേൾക്കുകയും അറിയുകയും എല്ലാത്തിനും കഴിയുകയും ചെയ്യുന്ന ഏക ദൈവം അല്ലാഹു.

ബിംബമോ പ്രതിമയോ ഇല്ലാത്ത, ജാറമോ ദർഗയോ ഇല്ലാത്ത മണ്ഡപത്തിലോ പ്രതിഷ്ഠയിലോ ഒതുങ്ങാത്ത, പുണ്യമരമോ പുണ്യമൃഗമോ പുണ്യപുഷ്പമോ ഇല്ലാത്ത ഏകനായ അല്ലാഹു. അവനാണ് പറയുന്നത് പരലോകമുണ്ട് എന്ന്. ശുദ്ധമായ ശൂന്യതയിൽ നിന്ന് സ്വന്തമായി പ്രപഞ്ചത്തെ പടച്ചവൻ.

ആകാശങ്ങളെയും ഭൂമിയെയും മുൻമാതൃകയില്ലാതെ നിർമിച്ചവനത്രെ അവൻ. അവനൊരു കാ ര്യം തീരുമാനിച്ചാൽ ഉണ്ടാകൂ എന്ന് പറയുക മാത്രമേ വേണ്ടതുള്ളൂ. ഉടനെ അതുണ്ടാകുന്നു. (ക്വുർആൻ: 2/117)

എന്തെന്ത് വേദനകൾ, യാതനകൾ, ദുഖങ്ങൾ, ദുരിതങ്ങൾ എല്ലാറ്റിനും പരിഹാരം സർവ്വ കർമ്മങ്ങൾക്കും പ്രതിഫലം അതാണ് സ്വർഗം. സർവ്വ തിന്മകൾക്കും ശിക്ഷ അതാണ് നരകം

**ഏതു വേണം?**

അപ്രകാരം നിനക്ക് നാം അറബിഭാഷയിലുള്ള ഖുർആൻ ബോധനം നൽകിയിരിക്കുന്നു ഉമ്മുൽ ഖുറാ (മക്ക) യിലുള്ളവർക്കും അതിനു ചുറ്റുമുള്ളവർക്കും നീ താക്കീത് നൽകുവാൻ വേണ്ടിയും, സംശയരഹിതമായ സമ്മേളന ദിവസത്തെപ്പറ്റി നീ താക്കീത് നൽകുവാൻ വേണ്ടിയും. അന്ന് ഒരു വിഭാഗക്കാർ സ്വർഗത്തിലായിരിക്കും. മറ്റൊരു വിഭാഗക്കാർ കത്തിജ്വലിക്കുന്ന നരകത്തിലും. (ക്വുർആൻ : 42/7)

**മോക്ഷം വേണോ? മോചനം വേണോ?**

ഇതാ, സ്വർഗത്തിന്റെ മാർഗം, ഇസ്ലാം. എല്ലാ പ്രവാചകന്മാരുടെയും വേദഗ്രന്ഥങ്ങളുടെയും



സന്ദേശം. അന്ത്യമപ്രവാചകൻ മുഹമ്മദ് നബി (സ്വ) യിലൂടെ പൂർത്തിയായ സമാധാന സന്ദേശം. ''അല്ലാഹു ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേരായ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു'' (ക്വുർആൻ: 10/25)

ഇഹലോകത്ത് ഒന്നിനും നിറവോ തികവോ ഇല്ല. അപൂർണമാണ്. എന്നാൽ പരലോകത്തെ സ്വർഗമോ? നിറഞ്ഞതും തികഞ്ഞതും, ദുഖമോ വ്യസനമോ, നിരാശയോ ഇല്ല. അതെ സുഖസമ്പൂർണമായ സ്വർഗം.

**എന്തുവേണം?**

ഭാരപ്പെടാൻ ഒന്നുമില്ല. നബി (സ്വ) അരുളി: ''തീർച്ചയായും മതം എളുപ്പമാണ്''

ജീവിതത്തിന്റെ കൂടെ പോരുന്ന കർമ്മധർമ്മങ്ങൾ. ലളിത സുന്ദരമായ മധുര മനോഹരമായ വിശ്വാസ കർമ്മ ധർമ്മങ്ങൾ.

മനുഷ്യരുടെ പ്രയാസങ്ങൾ പരിഹരിക്കാനാണ് അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ്വ) വന്നത്.

അല്ലാഹു പറഞ്ഞു: അവരോട് അദ്ദേഹം സദാചാരം കൽപിക്കു കയും, ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. (അഅ്റാഫ്: 157)

**ഏകദൈവാരാധന**

ഇടയാളരോ, ഇടനിലക്കാരോ, ഇല്ലാതെ നേരെ പടച്ചവനെ മാത്രം ആരാധിക്കുക. പ്രാർത്ഥനയും ഇസ്തിഗാസയും നേർച്ച വഴിപാടുകളും അവനു മാത്രം. ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്. (ക്വുർആൻ :2/21)

നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത് (ക്വുർആൻ: 2/186)

ഹേ, മനുഷ്യ സമൂഹമേ, ഒരു ഉപമ ഇതാ വിവരിക്കാൻ പോകുന്നു ശ്രദ്ധിച്ച് കേട്ടാലും അല്ലാഹുവിന് പുറമെ ഏതെല്ലാം വസ്തുക്കളെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നുണ്ടോ അവ ഒരു ഈച്ചയെ പോലും സൃഷ്ടിക്കുന്നില്ല അതിന് വേണ്ടി അവരെല്ലാവരും (ആരാധന മൂർത്തികൾ) ഒന്നിച്ച് സംഘടിച്ചൽ പോലും അവരുടെ പ ക്കൽ നിന്ന് വല്ല വസ്തുവും ഈച്ച തട്ടികൊണ്ടുപോയാൽ അത് ഈച്ചയുടെ പക്കൽ നിന്ന് വീണ്ടെടുക്കാനുള്ള കഴിവ് പോലും അവയ്ക്കില്ല. പ്രാർത്ഥിക്കുന്നവരും പ്രാർത്ഥിക്കപ്പെടുന്നവരും (ഒരുപോലെ) ബലഹീനർ തന്നെ. (ക്വുർആൻ: 22/73)

**പ്രവാചക ചര്യ**

മഹനായ മുഹമ്മദ് നബി (സ്വ) കാണിച്ച് തന്ന അവിടുത്തെ അനുചരന്മാർ  പകർത്തി കാണിച്ച രീതിയിൽ ആരാധനകളും അനുഷ്ഠാനങ്ങളും നിർവഹിക്കുക. ഒന്നും നമ്മളുണ്ടാക്കേണ്ടതില്ല. അല്ലാഹുവിന്റെ അടിമയായൽ മതി, നബി (സ്വ) യുടെ അനുയായി ആയാൽ മതി.

മാന്യമായ ആവശ്യമായ പ്രകൃതിക്കിണങ്ങുന്ന ഒരു സുഖവും ഒരു ബന്ധവും  വെടിയേണ്ടതില്ല.

കാട്ടിൽ പർണശാല കെട്ടി തപസ്സിരിക്കേണ്ട. പള്ളിയിലും മഠത്തിലും സത്രത്തിലും ജീവിതം ഹോമിക്കേണ്ട.  ഭക്ഷണം, വസ്ത്രം, വിവാഹം വീട് ഒക്കെയാവാം. പക്ഷെ അവനവന്റെ സുഖം അന്യരെ ദുഖിപ്പിച്ചാവരുത്. കൊണ്ടും കൊടുത്തും കഴിയുക. സ്നേഹവും ബഹുമാനവും ലാളനയും വാത്സല്യവും കൊണ്ടും കൊടുത്തും കഴിയുക.



കൂട്ടത്തിൽ അഞ്ച് നേരവും പള്ളിയിൽ നമസ്കരിക്കുക. സമ്പത്തിന്റെ നിശ്ചിതശതമാനം പാവങ്ങൾക്ക് കൊടുക്കാൻ അർഹരെ ഏൽപ്പിക്കുക. ഒരു മാസം നോമ്പെടുക്കുക ജീവിതത്തിലൊരിക്കൽ ഹജ്ജ് ചെയ്യുക.

പലിശ, കൈക്കൂലി, സ്ത്രീധനം, സാമ്പത്തിക കുറ്റങ്ങൾ വ്യഭിചാരം, സ്വയംഭോഗം, സ്വവർഗ ഭോഗം തുടങ്ങി മാന്യതക്ക് നിരാക്കത്ത എല്ലാ തിനമകളും വെടിയുക. സമാധാനവും ശാന്തിയും നിറഞ്ഞ മനസ് മെരുക്കിയെടുക്കുക. നല്ല ഒരു ജീവിത്തിലൂടെ പടച്ചവനിലേക്ക് എത്രയും എത്രയും ആർക്കും അടുക്കാം.

വഴിയിൽ നിന്ന് തടസ്സങ്ങൾ നീക്കുക, സഹോദരങ്ങളെ കാണുമ്പോൾ പുഞ്ചിരിക്കുക, ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കുക, രോഗിയായാൽ സന്ദർശിക്കുക, താഴെയുള്ളവരോട് കരുണ കാണിക്കുക, പ്രായമായവരെ ബഹുമാനിക്കുക, മാതാപിതാക്കളെ അനുസരിക്കുകയും സ്നേഹിക്കുകയും ചെയ്യുക.

വരൂ, ഈ വഴി അറിയൂ. രുചിയോടെ, രസത്തോടെ ഉൾകാഴ്ച്ചയോടെ തെരഞ്ഞെടുക്കൂ. ഉറച്ച കാലടികളോടെ മോക്ഷത്തിന്റെ മാർഗത്തിലേക്ക് നടക്കൂ. കൂടെ, കൂടെയുള്ളവരെയും ക്ഷണിക്കൂ. അല്ലാഹു പറഞ്ഞത്:

നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മു ന്നേറുക. ധർമ്മനിഷ്ഠപാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്. (ആലു ഇംറാൻ: 133)

തടസ്സങ്ങൾ തനിമയോടെ ക്ഷമയോടെ മൃദുലമായി തട്ടിമാറ്റൂ. വിജയം സുനിശ്ചിതം.  ഒറ്റക്കല്ല ജന കോടികൾ ഈ വഴിയെ പോയവരാണ്. ഒന്നേകാൽ ലക്ഷത്തോളം പ്രവാചകന്മാർ, ആദം മുതൽ യേശുവരെയുള്ളവർ പോയ വഴിക്ക് തന്നെയാണ് മുഹമ്മദ് നബി (സ്വ) യും പോയത്. അതേ വഴി തന്നെ നമുക്കും.

കൂടുതൽ പഠിക്കാൻ വിളിക്കുക:
+ 966 58 141 6662



# طريق النجاة

إعداد:
سمير منديري

# മോക്ഷത്തിന്റെ മാർഗം

തയ്യാറാക്കിയത്:
സമീർ മുണ്ടേരി